**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 360** **28-10-2021 - ൽ മറുപടിയ്ക്ക്**

**ഖാദി ഗ്രാമ വ്യവസായ മേഖലയുടെ സമഗ്ര വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. റോജി എം. ജോൺ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഖാദി ഗ്രാമ വ്യവസായ മേഖലയിൽ ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും ഖാദിയുടെ വിപണി മെച്ചപ്പെടുത്തുന്നതിനും നൂതന സാങ്കേതിക വിദ്യയുടെ പ്രയോഗം സാധ്യമാക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ; | (എ) | ഖാദിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ശാരീരിക ആയാസം കുറഞ്ഞ ചർക്കകളും തറികളും സ്ഥാപിക്കൽ, ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിച്ച് നൽകൽ, ഇ.എസ്.ഐ, ക്ഷേമനിധി ആനുകൂല്യങ്ങൾ, അധ്വാന ഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി,തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി ഖാദി ഗ്രാമം പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും, ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്കു പകരം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യ വൽക്കരണം തുടങ്ങിയവ നടപ്പിലാക്കി യിട്ടുണ്ട്. യന്ത്രവത്കൃത പാവ് നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ 'എന്റെ ഗ്രാമം പദ്ധതി' പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചെലവിൽ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പി ക്കുന്നതിനായി മൊത്തം പദ്ധതി |

| | | | |
|---|---|---|---|
| | | | ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചു നൽകുന്നു. കൂടാതെ ഗ്രാമ വ്യവസായ ഡിപ്പാർട്ട്മെന്റൽ യൂണിറ്റുകളായി 5 റെഡിമെയ്ഡ് ഗാർമെന്റ്സ് മേക്കിംഗ് കേന്ദ്രങ്ങളും 6 ഹണി പ്രോസസ്സിംഗ് യൂണിറ്റുകളും 3 ഓയിൽ യൂണിറ്റുകളും 2 കിടക്ക നിർമ്മാണ യൂണിറ്റുകളും 4 കൈക്കടലാസ് യൂണിറ്റുകളും ഒരു സോപ്പ് യൂണിറ്റും ഒരു നോട്ട് ബുക്ക് യൂണിറ്റും ഒരു മൺപാത്ര യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. ഇതിലൂടെ 2020-21 കാലയളവിൽ 180 പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞു. ഖാദി ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വർഷം മുഴുവനും റിബേറ്റ്, സംസ്ഥാനത്തിനകത്ത് ഉൽപാദിപ്പിക്കുന്ന ഖാദി വസ്തുങ്ങൾക്ക് മാത്രമായി ഉത്സവകാല പ്രത്യേക റിബേറ്റ് എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ ഒരു താലൂക്കിൽ ഒന്ന് എന്ന നിലയിൽ സ്വകാര്യ പങ്കാളിത്തത്തോടെ ആധുനിക സൗകര്യങ്ങളോടു കൂടിയ 75 പുതിയ ഖാദി ഷോറൂമുകൾ സംസ്ഥാനത്താകെ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. സ്റ്റിച്ചിംഗ്, ആൾട്ടറേഷൻ എന്നീ സൗകര്യങ്ങളും, ലോൺട്രീ സൗകര്യവും ആവശ്യത്തിന് പാർക്കിംഗ് സൗകര്യങ്ങളോടുകൂടിയ ആധുനിക നിലവാരത്തിലുള്ള ഷോറൂമുകളാണ് തുടങ്ങുന്നത്. തിരുവനന്തപുരത്ത് ആധുനിക ഷോറൂമിന്റെ ഫർണിഷിംഗ് നടന്നുവരുന്നു, ദൃശ്യ – ശ്രാവ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യ പ്രചരണം, കൂടാതെ ഉത്സവകാലങ്ങളിൽ സമ്മാന പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. ഓൺലൈൻ മാർക്കറ്റിംഗ് പദ്ധതി ആവിഷ്കരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. അതുപോലെ യുവതലമുറയിൽ പ്രത്യേകിച്ച് വിദ്യാർത്ഥി കളിൽ ഖാദിയുടെ മഹത്വത്തെപ്പറ്റി ബോധവത്കരണം നൽകുന്നതിന്റെ ഭാഗമായി "ഖാദി ഡേ" പദ്ധതി ആരംഭിച്ചു. ആയതനുസ്സരിച്ച് ആഴ്ചയിലൊരിക്കൽ എല്ലാ വിദ്യാർത്ഥികളും അദ്ധ്യാപകരും ഖാദി ധരിക്കുന്നതിന് ലക്ഷ്യമിട്ട് മുന്നോട്ടുപോകുന്നു. |
| (ബി) | ഈ മേഖലയുടെ സമഗ്ര പുരോഗതിക്കായി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് ഖാദി മേഖലയുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ പദ്ധതിവിഹിതത്തിൽ ഏറ്റുകുടുക്ക സ്ലൈവർ പ്രോജക്ടിന്റെ ആധുനിക വൽക്കരണത്തിനും, ഖാദി സഹകരണ സംഘങ്ങൾക്കും / സ്ഥാപനങ്ങൾക്കും ധന സഹായത്തിനും, ഖാദി നൂൽ നൂല്പകാർക്കും നെയ്ത്തുകാർക്കും ഉല്പാദന പ്രോത്സാഹനവും ഉത്സവബത്തയും, വകുപ്പുതല ഖാദി ഉല്പാദന |

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങളുടെ സ്ഥാപനവും ശക്തിപ്പെട്ടു ത്തലിനും, ഖാദി ഗ്രാമം പദ്ധതി, പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള വരുമാന പൂരക പദ്ധതി എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെറുകിട ഖാദി ഗ്രാമ വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ 'എന്റെ ഗ്രാമം പദ്ധതി' പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചെലവിൽ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്ക ന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചു നൽകുന്നു. ഇതിനു പുറമേ പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരവും (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ ബാങ്ക് വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിയിൽ മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 35% വരെ സബ്സിഡി അനുവദിച്ചു നൽകുന്നു. |
| (സി) | ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സ്ത്രീകൾക്കും ദുർബല വിഭാഗത്തിൽപ്പെട്ടവർക്കുമായി എന്തെല്ലാം ആനുകൂല്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ; | (സി) | തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി നടപ്പിലാക്കിയ 'ഖാദി ഗ്രാമം പദ്ധതി' പ്രകാരം സ്ത്രീകൾക്കും ദുർബല വിഭാഗത്തിൽ പ്പെട്ടവർക്കും നൂൽപ്പിലും നെയ്ത്തിലും ആവശ്യമായ പരിശീലനം നൽകി കൊണ്ട് ഈ മേഖലയിൽ തൊഴിൽ നൽകുന്നു. കൂടാതെ ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്ന കുട്ടികളുള്ള സ്ത്രീകൾക്ക് വീട്ടിലിരുന്ന് ജോലി ചെയ്യുന്നതിലേക്കായി ചർക്കളും തറികളും ആവശ്യമായ അസംസ്കൃത വസ്തുക്കളും വീട്ടിലെത്തിച്ച് തൊഴിൽ നൽകുന്നു. |
| (ഡി) | പുതിയ ഗ്രാമവ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | (ഡി) | ചെറുകിട ഖാദി ഗ്രാമ വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ 'എന്റെ ഗ്രാമം പദ്ധതി' പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചെലവിൽ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പി ക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചു നൽകുന്നു. നിബന്ധനകൾ 1)2ലക്ഷം രൂപ മുതൽ മുടക്കുമ്പോൾ ഒരാൾക്ക് തൊഴിൽ. 2)പുതിയ യൂണിറ്റ് ആയിരിക്കണം. വായ്പ ലഭ്യമാക്കുന്ന സ്ഥാപനങ്ങൾ: നാഷണലൈസ്ഡ് ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, സഹകരണ ബാങ്കുകൾ. പ്രാഥമിക സഹകരണസംഘങ്ങൾ 1)ബോർഡ് പത്രപരസ്യം/ പത്ര കുറിപ്പ് നൽകി അപേക്ഷ ക്ഷണിക്കുന്നു. 2)താല്പര്യമുള്ളവരിൽ നിന്നും നിശ്ചിത പ്രഫോർമയിൽ അപേക്ഷ, പ്രോജക്ട് റിപ്പോർട്ട്, |

| | | | |
|---|---|---|---|
| | | | ക്വട്ടേഷൻ, ആധാറിന്റെ കോപ്പി, വിദ്യാഭ്യാസ യോഗ്യത, തൊഴിൽ പരിചയം, ജാതി സർട്ടിഫിക്കറ്റ് (ആവശ്യമെങ്കിൽ) ഇവ സഹിതം അപേക്ഷ വാങ്ങി സാധ്യതാ പഠനം നടത്തി ജില്ലാതല സെലക്ഷൻ കമ്മിറ്റി മുമ്പാകെ വയ്ക്കുന്നു. 3)സെലക്ഷൻ കമ്മിറ്റി അപേക്ഷകനുമായി അഭിമുഖം നടത്തി അംഗീകരിക്കുന്ന അപേക്ഷകൾ സർവ്വീസ് ഏരിയ ബാങ്ക്/അപേക്ഷകൻ ആവശ്യപ്പെടുന്ന ബാങ്കിലേക്ക് അയയ്ക്കുന്നു. 4)ബാങ്ക് ലോൺ പാസാക്കി ഒന്നാമത്തെ ഗഡു നൽകി ജില്ലാ ഓഫീസറെ അറിയിക്കുന്നു. 5)ജില്ലാ ഓഫീസിൽ നിന്നും വിനിയോഗം പരിശോധിച്ച് അർഹമായ സബ്സിഡി അനുവദിച്ച് രണ്ട് വർഷത്തേക്ക് ലോൺ നൽകിയ ബാങ്കിൽ സ്ഥിര നിക്ഷേപം നടത്തുന്നു. 6)യൂണിറ്റ് ആരംഭിച്ച് രണ്ടു വർഷം കഴിഞ്ഞ് ജില്ലാ ഓഫീസർ യൂണിറ്റ് ഇൻസ്പെക്ഷൻ നടത്തി മാർജിൻ മണി (സബ്സിഡി) ബാങ്ക് വായ്പയിലേക്ക് വകയിരുത്തുന്നതിനുള്ള അനുമതി ബാങ്കിന് നൽകുന്നു. 7)കോവിഡ് വ്യാപന പശ്ചാത്തലത്തിൽ നിബന്ധനകൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി ജില്ലാതല സെലക്ഷൻ കമ്മിറ്റി അഭിമുഖം നടത്തി അപേക്ഷകരെ തെരഞ്ഞെടുക്കുന്ന രീതി തല്ക്കാലത്തേക്ക് മരവിപ്പിക്കുന്നു. പകരം ബോർഡ് മെമ്പറുടെ സാന്നിദ്ധ്യത്തിൽ മെറിറ്റ് പരിശോധിച്ച് അപേക്ഷ ബാങ്കിന് നൽകേണ്ടതാണ്. മെറിറ്റ് കണക്കാക്കുമ്പോൾ റൂറൽ ഏരിയയ്ക്ക് മുൻതൂക്കം നൽകേണ്ടതാണ്. |

സെക്ഷൻ ഓഫീസർ